File No.FWLD-A2/16/2019-FWLD

16522
27/9/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

പാലക്കാട് ഡിവിഷൻ-വാളയാർ റെയിഞ്ച്-ചക്കോള എസ്റ്റേറ്റിനോട് ചേർന്നു കിടക്കുന്ന സർക്കാർ ഭൂമിയിലെ മരംമുറി- അച്ചടക്ക നടപടി - ദയാഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.125/2019/വനം തീയതി,തിരുവനന്തപുരം, 19/03/2019

---

പരാമർശം:- 1 ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 23.2.08 ലെ ബി5-31080/2000നമ്പർ ഉത്തരവ്

2 സ.ഉ.(സാധാ.) നം. 339/12/വനം തീയതി 06.07.2012

3 സ.ഉ.(സാധാ.) നം. 235/13/വനം തീയതി 19.06.2013

4 സ.ഉ.(സാധാ.) നം. 333/18/വനം തീയതി 10.07.2018

5 ശ്രീ.സി.റ്റി.ജോജ്ജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീമതി.പ്രിൻസി ജോജ്ജു എന്നിവർ യഥാക്രമം 18.07.2018, 10.08.2018 തീയതികളിൽ സമർപ്പിച്ച ദയാഹർജികൾ.

6 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 02.11.2008-ലെ ബി5-31080/00 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിൽ മലമ്പുഴ ബീറ്റിന്റെ പരിധിയിൽ വരുന്ന ചക്കോള എസ്റ്റേറ്റിനോട് ചേർന്നു കിടക്കുന്ന ഒന്നാം പുഴയോരത്ത് നിന്നിരുന്ന താന്നി ഇനങ്ങളിൽപ്പെട്ടതും സർക്കാർ ഭൂമിയിൽ നിന്നിരുന്നതുമായ മരങ്ങൾ വ്യാജമായി സൃഷ്ടിക്കപ്പെട്ട റവന്യൂ രേഖകളുടെ ബലത്തിൽ എസ്റ്റേറ്റുടമ മുറിച്ചു കടത്തിയ വിവരം ലഭിച്ചിട്ടും ആ സമയത്തെ വാളയാർ റെയിഞ്ചോഫീസറായിരുന്ന ശ്രീ.സി.ടി.ജോജ്ജു ടി കുറ്റകൃത്യത്തിന് സത്വര നടപടികൾ സ്വീകരിക്കാതിരുന്നതുമായി ബന്ധപ്പെട്ട് ടിയാന് കുറ്റപത്രവും/ കുറ്റാരോപണ പത്രികയും നൽകി ഭരണ വിഭാഗം ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.തുടർന്ന് നടത്തിയ ഔപചാരികാന്വേഷണത്തിൽ ശ്രീ.സി.ടി.ജോജു കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനും, ടി കേസിലെ ആകെ സർക്കാർ നഷ്ടമായ 72,000/- രൂപയിൽ ടിയാന്റെ ആനുപാതിക വിഹിതമായ 23,807/- രൂപ ഈടാക്കുന്നതിനും തീരുമാനിച്ച് പരാമർശം (1 ) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

2) തുടർന്ന് ശ്രീ.സി.ടി.ജോജു 21.04.2008 ൽ സർക്കാരിൽ അപ്പീൽ സമർപ്പിച്ചു. അപ്പീലിലെ വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശിക്ഷ ലഘൂകരിച്ച് ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുവായിരിക്കണം എന്ന മുന്നറിയിപ്പോടുകൂടി സെൻഷ്വർ ആയി മാറ്റാനും ആനുപാതിക സർക്കാർ നഷ്ടമായ 23,807/- രൂപ ടിയാനിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ച് പരാമർശം (2) പ്രകാരം അപ്പീൽ തീർപ്പാക്കി ഉത്തരവായിരുന്നു.

3) പ്രസ്തുത ഉത്തരവിനെതിരെ 20.12.2012 ൽ ശ്രീ.സി.ടി.ജോജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിക്കുകയും റിവ്യൂ ഹർജി പരിഗണനാർഹമല്ല എന്ന് കണ്ട് പരാമർശം (3) പ്രകാരം നിരസിച്ചും ,തുടർന്ന് സമർപ്പിക്കപ്പെട്ട ദയാഹർജി പരാമർശം (4) പ്രകാരം നിരസിച്ചും ഉത്തരവായിരുന്നു.

4) മേൽ ഉത്തരവിനെതിരെ ശ്രീ.സി.ടി.ജോജു,ശ്രീമതി.പ്രിൻസിജോജു(W/o സി.ടി.ജോജു) എന്നിവർ പരാമർശം (5) പ്രകാരം സമർപ്പിച്ച ഹർജികളും, ശ്രീ.സി.ടി.ജോജുവിനെ നേരിൽ കേട്ടപ്പോഴുന്നയിച്ച വാദവും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു.

5) 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനും ചട്ടം 3 5 പ്രകാരം ബന്ധപ്പെട്ട കക്ഷിയുടെ അപേക്ഷയിൻമേൽ, തീർപ്പാക്കപ്പെട്ട ഉത്തരവുകൾക്കെതിരെ ഒരു പ്രാവശ്യം റിവ്യൂ ഫയൽ ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നു. ചട്ടം 3 7 പ്രകാരം അപ്പീൽ അധികാരിയ്ക്ക് സ്വമേധയായോ അല്ലാതെയോ അച്ചടക്ക നടപടികളിലെ തീരുമാനങ്ങൾ റിവ്യൂ ചെയ്യാവുന്നതാണെന്നും എന്നാൽ റിവ്യൂ ആവശ്യപ്പെടുന്ന ഉത്തരവിന്റെ തീയതിയ്ക്ക് ഒരു വർഷം കഴിഞ്ഞ ശേഷം ഇപ്രകാരം റിവ്യൂ പാടില്ലെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ വിഷയത്തിൽ ചട്ടപ്രകാരമുള്ള എല്ലാ അവസരങ്ങളും ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

വിനിയോഗിച്ച കഴിഞ്ഞ സാഹചര്യത്തിൽ ടിയാന് നൽകിയിട്ടുള്ള ശിക്ഷ പുനഃപരിശോധിക്കുന്നത് ഉചിതമല്ലാത്തിനാൽ,പരാമർശം(5) പ്രകാരം സമർപ്പിച്ച ഹർജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിന്‌സിപ്പല് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.ടി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2019.03.2? 16:42:55 IST
Reason: Approved
സെക്ഷൻ ഓഫീസർ